**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 151** **16-09-2025 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിൽ ആരോഗ്യ മേഖലയിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ ആരോഗ്യ മേഖലയിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ നിലവിൽ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

മഞ്ചേശ്വരം മണ്ഡലത്തിൽ എൻ എച്ച് എം മുഖേനെ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെചേർക്കുന്നു.

| നമ്പർ | ആരോഗ്യ സ്ഥാപനത്തിന്റെ പേര് | പദ്ധതി | തുക (രൂപ) | നിലവിലെസ്ഥിതി |
|---|---|---|---|---|
| 1 | പ്രാഥമികാരോഗ്യ കേന്ദ്രം പെർള | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 15,50,000 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | പ്രാഥമികാരോഗ്യ കേന്ദ്രം വാണിനഗർ | | 15,50,000 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | പ്രാഥമികാരോഗ്യ കേന്ദ്രം മീഞ്ച | | 15,50,000 | പ്രവൃത്തി പുരോഗമിച്ച് വരുന്നു. |
| 4 | പ്രാഥമികാരോഗ്യ കേന്ദ്രം ബായാർ | | 14,50,000 | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | പ്രാഥമികാരോഗ്യ കേന്ദ്രം പുത്തിഗെ | | 14,50,000 | പ്രവൃത്തി പൂർത്തീകരിച്ചു |
| 6 | പ്രാഥമികാരോഗ്യ കേന്ദ്രം അംഗഡിമൊഗർ | | 15,50,000 | പ്രവൃത്തി പൂർത്തീകരിച്ചു |
| 7 | പ്രാഥമികാരോഗ്യ കേന്ദ്രം ആരിക്കാടി | | 15,50,000 | പ്രവൃത്തി പൂർത്തീകരിച്ചു |
| 8 | സാമൂഹ്യാരോഗ്യ കേന്ദ്രം മഞ്ചേശ്വരം | സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 37,50,000 | പ്രവൃത്തി പൂർത്തീകരിച്ചു |
| 9 | സാമൂഹ്യാരോഗ്യ കേന്ദ്രം മഞ്ചേശ്വരം | പുതിയ കെട്ടിടത്തിന്റെ നിർമ്മാണം | 4,74,00,000 | പ്രവൃത്തി പുരോഗമിച്ച് വരുന്നു. |
| 10 | കുടുംബക്ഷേമ ഉപകേന്ദ്രം അടുക്കസ്ഥല | പുതിയ കെട്ടിടത്തിന്റെ നിർമ്മാണം | 37,50,000 | പ്രവൃത്തി പൂർത്തീകരിച്ചു |
| 11 | കുടുംബക്ഷേമ ഉപകേന്ദ്രം ഉജാർ ഉളുവാർ | പുതിയ കെട്ടിടത്തിന്റെ നിർമ്മാണം | 55,50,000 | പ്രവൃത്തി പുരോഗമിച്ച് വരുന്നു. |
| 12 | കുടുംബക്ഷേമ ഉപകേന്ദ്രം കടമ്പാർ | പുതിയ കെട്ടിടത്തിന്റെ നിർമ്മാണം | 55,50,000 | പ്രവൃത്തി പുരോഗമിച്ച് വരുന്നു. |
| 13 | FWC പാത്തൂർ | | 7,00,000 | പ്രവൃത്തി പൂർത്തീകരിച്ചു |
| 14 | FWC ധർമ്മത്തടുക്ക | | 7,00,000 | പ്രവൃത്തി പൂർത്തീകരിച്ചു |
| 15 | FWC അട്ടഗോളി | | 7,00,000 | പ്രവൃത്തി പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| 16 | FWC കുഞ്ചത്തൂർ | | 9,00,000 | പ്രവൃത്തി പൂർത്തീകരിച്ചു |
| 17 | FWC ഷിറിയ | | 7,00,000 | പ്രവൃത്തി പൂർത്തീകരിച്ചു |
| 18 | FWC ബദ്രംപള്ള | | 7,00,000 | പ്രവൃത്തി പൂർത്തീകരിച്ചു |
| 19 | FWC മൂടംവയൽ | | 7,00,000 | പ്രവൃത്തി പൂർത്തീകരിച്ചു |
| 20 | FWC പാവൂർ | | 7,00,000 | പ്രവൃത്തി പൂർത്തീകരിച്ചു |
| 21 | FWC ആരിക്കാടി | | 7,00,000 | പ്രവൃത്തി പൂർത്തീകരിച്ചു |
| 22 | FWC പെർള | | 7,00,000 | പ്രവൃത്തി പുരോഗമിച്ച് വരുന്നു. |
| 23 | FWC അട്ടക്ക | | 7,00,000 | പ്രവൃത്തി പുരോഗമിച്ച് വരുന്നു. |
| 24 | FWC ബട്ടൂർ | | 7,00,000 | |
| 25 | FWC പേരാൽ | | 7,00,000 | |
| 26 | FWC ബായാർ | സബ് സെന്ററിനെ ജനകീയ ആരോഗ്യകേന്ദ്രമാക്കി ഉയർത്തൽ | 7,00,000 | LSGD മുഖാന്തരം പ്രവൃത്തി ചെയ്യുന്നു |
| 27 | FWC മിയാപദവ് | | 7,00,000 | |
| 28 | FWC ഹേരൂർ | | 7,00,000 | |
| 29 | FWC ഉദ്യവാർഗുഡ്ഡെ | | 7,00,000 | |
| 30 | FWC കാട്ടുകുക്കെ | | 7,00,000 | |
| 31 | മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രി | കിഫ്ബി ഫണ്ട് മുഖേന കെട്ടിട നിർമ്മാണം | 17,47,02,602 | കിഫ്ബി മുഖേന കെട്ടിട നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തിയുടെ ഉദ്ഘാടനം നടന്നു. |
| | | ഐസൊലേഷൻ വാർഡ് നിർമ്മാണം | 1,75,96,748 | 90% പണി പൂർത്തിയായിട്ടുണ്ട് |

നാഷണൽ ആയുഷ് മിഷൻ മുഖേന മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

1) റെജിമിനൽ തെറാപ്പി അഥവാ Ilaj bit thadabeer യൂണിറ്റ്-

GUD Mogral - യുനാനി സർക്കാർ ഡിസ്പെൻസറിയിൽ യുനാനി ചികിത്സയിലെ കപ്പിംഗ് തെറാപ്പി, ഹിജാമ, ഫസദ് ചികിത്സ, ഉഴിച്ചിൽ, steam bath തുടങ്ങിയവ ചെയ്തു നൽകുന്നു.

2) കാരുണ്യ പാലിയേറ്റീവ് കെയർ പദ്ധതി

ഗവണ്മെന്റ് യുനാനി ഡിസ്പെൻസറിയിൽ ഒരു മെഡിക്കൽ ഓഫീസറും മൾട്ടി പർപ്പസ് വർക്കറും സേവനമനുഷ്ഠിക്കുന്നു. നിലവിൽ കുമ്പള ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സേവനം നൽകിവരുന്നു. പാലിയേറ്റീവ് ഗൃഹസന്ദർശനവും നടത്തുന്നു.

3) ഹർഷം പദ്ധതി

ജി.എ.ഡി പെർള, & ജി.എ.ഡി കുമ്പള

മാനസികാരോഗ്യസംരക്ഷണം ആയുർവേദത്തിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹർഷം പദ്ധതി. നിലവിൽ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി കുമ്പളയിലും ആയുർവേദ ഡിസ്പെൻസറി പെരളയിലും മാസത്തിൽ രണ്ട് തവണ വീതം സ്പെഷ്യലിസ്റ്റ് മെഡിക്കൽ

ഓഫീസറുടെ സേവനം ലഭ്യമാണ്

4) സാന്ത്വനം പദ്ധതി-

ജി.എ.ഡി പെർള

എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആയുർവേദ പാലിയേറ്റീവ് കെയർ പദ്ധതി. ഭാരതീയ ചികിത്സ വകുപ്പിലെ ഡോക്ടറുടെ സേവനം ലഭ്യമാണ് ആയതിലേക്ക് മെഡിസിൻ സപ്പോർട്ടും ഫീൽഡ് അസിസ്റ്റന്റ്, മൊബിലിറ്റി സപ്പോർട്ട് NAM നൽകിവരുന്നു.

**സിവിൽ വർക്കുകൾ**

ഗവൺമെന്റ് ഹോമിയോപ്പതി ഡിസ്പെൻസറി, മീഞ്ച

ഭരണാനുമതി 30 ലക്ഷം രൂപ, നിർമ്മാണ നിർവഹണ ഏജൻസി KHRWS. സേവനങ്ങൾ- 866 സ്ക്വയർ ഫീറ്റ് ഏരിയയിൽ വെയിറ്റിംഗ് റൂം റിസപ്ഷൻ, കൺസൾട്ടിംഗ് റൂം, ഫാർമസി, സ്റ്റോർ, ഫീഡിങ് റൂം, സ്റ്റാഫ് റൂം, ഒബ്സർവേഷൻ റൂം, ടോയ്‌ലെറ്റ് രണ്ടെണ്ണം, ഭിന്നശേഷിസൗഹൃദ പ്രവേശന കവാടം എന്നിവ ഉൾപ്പെടുന്നു. പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

മഞ്ചേശ്വരം മണ്ഡലത്തിലെ 7 ആയുഷ് സ്ഥാപനങ്ങളെ ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ ആയി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ആയുഷ് മിഷൻ മുഖേന കേന്ദ്ര ആയുഷ് മന്ത്രാലയം ആയുഷ്മാൻ ഭാരത് പദ്ധതി പ്രകാരം സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെൻറർ (ആയുഷ്മാൻ ആരോഗ്യമന്ദിർ (ആയുഷ്). നിലവിലുള്ള ആയുഷ് ഡിസ്പെൻസറികളെ AYUSH HWC ആയി ഉയർത്തുകയാണ് ചെയ്യുന്നത്. അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യ വികസനത്തിന് 5 ലക്ഷം രൂപ പ്രസ്തുത പഞ്ചായത്തുകൾക്ക് നാഷണൽ ആയുഷ് മിഷൻ സ്കീം മുഖേന അനുവദിച്ചിട്ടുണ്ട്.

ഇത് കൂടാതെ ഓരോ AYUSH HWC ക്കും 4.57 ലക്ഷം രൂപ ഓരോ വർഷവും ശമ്പള ഇനത്തിലും ഐ ഈ സി കണ്ടിജൻസി ഐടി മെയിന്റനൻസ് ഓഫ് ഹെർബൽ ഗാർഡൻ ആവശ്യങ്ങൾക്കുമായി ആവർത്തന ചെലവായി ലഭ്യമാക്കി വരുന്നുണ്ട്.

ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളായി അപ്ഗ്രേഡ് ചെയ്ത സ്ഥാപനങ്ങളിൽ ഒരു യോഗ ഇൻസ്ട്രക്ടറെയും, മൾട്ടി പർപ്പസ് ഹെൽത്ത് വർക്കറെയും നാഷണൽ ആയുഷ് മിഷൻ മുഖേന നിയമിച്ചിട്ടുണ്ട്.

ഭാരതീയ ചികിത്സ വകുപ്പിന്റെ കീഴിൽ നാല് ഡിസ്പെൻസറികളെ Ayush Health and wellness center ആയി ഉയർത്തിയിട്ടുണ്ട്. കൂടാതെ ഹോമിയോപ്പതി വകുപ്പിൽ മൂന്ന് ഡിസ്പെൻസറികളെയും AHWC ആയി ഉയർത്തിയിട്ടുണ്ട്.

AHWC- സ്ഥാപനങ്ങൾ

1. ആയുഷ് ഹെൽത്ത് ആന്റ വെൽനെസ്സ് സെന്റർ (AHWC) ജി എച്ച് ഡി മഞ്ചേശ്വരം
2. ആയുഷ് ഹെൽത്ത് ആന്റ വെൽനെസ്സ് സെന്റർ (AHWC) ജി എച്ച് ഡി മംഗൽപാടി
3. ആയുഷ് ഹെൽത്ത് ആന്റ വെൽനെസ്സ് സെന്റർ (AHWC) ജി എച്ച് ഡി മീഞ്ച
4. ആയുഷ് ഹെൽത്ത് ആന്റ വെൽനെസ്സ് സെന്റർ (AHWC) ജി എ ഡി കുമ്പള
5. ആയുഷ് ഹെൽത്ത് ആന്റ വെൽനെസ്സ് സെന്റർ (AHWC) ജി എ ഡി മംഗൽപടി
6. ആയുഷ് ഹെൽത്ത് ആന്റ വെൽനെസ്സ് സെന്റർ (AHWC) ജി എ ഡി മീഞ്ച
7. ആയുഷ് ഹെൽത്ത് ആന്റ വെൽനെസ്സ് സെന്റർ (AHWC) ജി യു ഡി മൊഗ്രാൽ
8. ആയുഷ് ഹെൽത്ത് ആന്റ വെൽനെസ്സ് സെന്റർ (AHWC) ജി എ ഡി പെർള

NHM ന്റെ കീഴിൽ 3 ഹോമിയോപ്പതി എ.പി.എച്ച്.സി കളും 5 ആയുർവേദ എ.പി.എച്ച്.സികളും

മണ്ഡലത്തിൽ ഉണ്ട്. എല്ലാ ഡിസ്പെൻസറികളും NAM മുഖേന മരുന്നുകൾ വിതരണം ചെയ്തു വരുന്നു.

സിവിൽ വർക്ക് ഒഴികെ എല്ലാ പദ്ധതികൾക്കും വാർഷിക അംഗീകാരം ലഭ്യമാക്കി പ്രവർത്തനം തുടർന്നു വരുന്നു. ജി.എച്ച്.ഡി മീഞ്ചയിൽ നടക്കുന്ന നിർമ്മാണ പ്രവൃത്തി 15% പൂർത്തീകരിച്ചു.

**ഗവ.ഹോമിയോ ഡിസ്പെൻസറി മഞ്ചേശ്വരം**

മഞ്ചേശ്വരം മണ്ഡലത്തിലെ ജി.എച്ച്.ഡി മംഗൽപാടിയിൽ യോഗ ഹാൾ നിർമ്മാണം – 7 ലക്ഷം രൂപ – (2.5 ലക്ഷം –പഞ്ചായത്ത് ഫണ്ട്, 4.5 ലക്ഷം NAM ഫണ്ട്). ജി.എച്ച്.ഡി മംഗൽപാടിയിൽ യോഗാ ഹാളിന്റെ ഫ്ലോർ ടൈൽസ് വർക്ക് നടക്കുന്നു.

**ഗവ.ആയുർവേദ ഡിസ്പെൻസറി ധർമ്മത്തടുക്ക, മംഗൽപ്പാടി, കുമ്പള**

2025–26 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ട് മുഖേന ഗവ.ആയുർവേദ ഡിസ്പെൻസറി ധർമ്മത്തടുക്കയ്ക്ക് 24,000/– രൂപയുടെ ഫർണ്ണിച്ചറുകളും മംഗൽപ്പാടിക്ക് 13,200 രൂപയുടെ അഗ്നിശമന ഉപകരണങ്ങളും, കുമ്പളയ്ക്ക് 3,750/–രൂപയ്ക്ക് ബയോ വേസ്റ്റ് ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

എപ്പിഡെമിക്ക് പ്രിവൻഷൻ ആന്റ് കൺട്രോൾ സെൽ മുഖേന മണ്ഡലത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും വകുപ്പിന്റെ സ്ഥാപനങ്ങൾ വഴി പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിനായി വകുപ്പിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഈ വർഷം 53,237 രൂപയ്ക്ക് ഔഷധങ്ങൾ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ